# ഭാരതീയ ജനതാ പാർട്ടി

(സെൻട്രൽ ഓഫീസ്)
11 അശോകാ റോഡ്, ന്യൂഡൽഹി 110001
Tel. No. : 23005700; Fax : 23005787

മെയ് 3,2013

**ബിജെപി ദേശീയാദ്ധ്യക്ഷൻ ശ്രീ രാജ്നാഥ് സിംഗ് പുറപ്പെടുവിക്കുന്ന പ്രസ്താവന**

സരബ്ജിത് സിംഗിന്റെ കൊലപാതകം ആസൂത്രിതമാണെന്ന് വിശദീകരിച്ച ബിജെപി ദേശീയാദ്ധ്യക്ഷൻ രാജ്നാഥ് സിംഗ്, '' അടിയന്തിരമായി ഇൻഡ്യൻ ഹൈക്കമ്മീഷണറെ പാക്കിസ്ഥാനിൽനിന്നു തിരിച്ചു വിളിക്കണമെന്ന്'' ആവശ്യപ്പെട്ടു.

'' പാക്കിസ്ഥാൻ നടത്തുന്ന ഇൻഡ്യാവിരുദ്ധ നടപടികൾ പരിഗണിക്കുമ്പോൾ, ഇൻഡ്യചെയ്യേ ത് പാക്കിസ്ഥാനെതിരേ അന്താരാഷ്ട്ര സമ്മർദ്ദം വർദ്ധിപ്പിക്കുകയും തക്ക നടപടികൾ കൈക്കൊള്ളുകയുമാണെ''ന്ന് ബിജെപി അദ്ധ്യക്ഷൻ പറഞ്ഞു. സരബിന്റെ മരണം നയതന്ത്രപരമായ പരാജയമാണെന്നു വിവരിച്ച അദ്ദേഹം,'' പാക്കിസ്ഥാൻ മണ്ണിൽനിന്ന് ഇൻഡ്യാ വിരുദ്ധ പ്രവർത്തനങ്ങൾ ആ രാജ്യം നിർത്തുന്നതുവരെ ആ രാജ്യവുമായുള്ള നയരന്ത്ര ബന്ധങ്ങൾ കുറയ്ക്കണം'' എന്നാവശ്യപ്പെട്ടു.

''നിയന്ത്രണ രേഖയിൽ പാക്കിസ്ഥാൻകാർ തലയറുത്ത ര ് ഇൻഡ്യൻ സൈനികരുടെ മൃതദേഹം ക പ്പോൾത്തന്നെ ഇൻഡ്യൻ സർക്കാർ കടുത്ത നിലപാടെടുത്തിരുന്നുവെങ്കിൽ ഈ സംഭവം ഉ ാകുമായിരുന്നില്ല'' എന്ന് അദ്ദേഹം പറഞ്ഞു.

''അന്നുതന്നെ ഇൻഡ്യൻ ഹൈക്കമ്മീഷണറെ തിരിച്ചു വിളിക്കണമെന്ന് ബിജെപി ആവശ്യപ്പെട്ടതാണ്. പക്ഷേ സർക്കാർ ആ ഉപദേശത്തിനു ചെവികൊടുത്തില്ല. ജയിലിലുള്ള മറ്റ് ഇൻഡ്യൻ തടവുകാരുടെ സുരക്ഷക്കു വേ ിയെങ്കിലും സർക്കാർ അടിയന്തിരമായി കടുത്ത നിലപാടെടുക്കേ തു ്. സർക്കാർ നയതന്ത്രപരമായ നിലപാടിലൂടെ പാക്കിസ്ഥാനിൽ സമ്മർദ്ദം ചെലുത്തണം,'' അദ്ദേഹം പറഞ്ഞു.

''ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളിൽ എന്തെങ്കിലും പരിഹാരം കാണുന്നതിന് ഈ സർക്കാർ പരാജയപ്പെട്ടു. പകരം ദുർബലമായ പ്രസ്താവനകൾ നടത്തുകയാണിവർ.'' സരബിന്റെ കുടുംബത്തിന് ആവുന്നത്ര എല്ലാ സഹായങ്ങളും പിന്തുണയും നഷ്ടപരിഹാരവും നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

**(ഓം പ്രകാശ് കോഹ്‌ലി)**
ഹെഡ്ക്വാർട്ടേഴ്സ് ഇൻചാർജ്